LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രഗവൺമെന്റിന്റെ ഐ.പി.ഡി.എസ്. ഫണ്ടുപയോഗിച്ച് കൊല്ലങ്കോട്, ഇടയാർ, കൊട്ടിയം എന്നിവിടങ്ങളിൽ ഗ്രൗണ്ട് മൗണ്ടഡ് പദ്ധതികളും ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ കെട്ടിടങ്ങളുടെ മുകളിൽ റൂഫ് ടോപ്പ് പദ്ധതികളും സ്ഥാപിച്ചിട്ടുണ്ട്. പി.എം.കുസും പദ്ധതിയുടെ കീഴിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റുകളിൽനിന്നും വൈദ്യുതി വാങ്ങുന്നതിന് ഒരു യൂണിറ്റിന് 40 പൈസ അല്ലെങ്കിൽ ഒരു മെഗാവാട്ടിന് 6 ലക്ഷം രൂപ ഇതിലേതാണോ കുറവ് അത് 5 വർഷത്തേയ്ക്ക് ഇൻസെന്റീവായി കെ.എസ്.ഇ.ബി.-ക്ക് കേന്ദ്രഗവൺമെന്റിൽ നിന്നും ലഭിക്കുന്നതാണ്. ഇത് നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ ഈ പദ്ധതിയുടെ ഭാഗമായ ഫീഡർതലത്തിലുള്ള സൗരോർജ്ജവത്കരണത്തിന് 30 ശതമാനം കേന്ദ്ര ധനസഹായം നേടിക്കൊണ്ട് നടപ്പിലാക്കാൻ സാധിക്കുന്നതാണ്. സംസ്ഥാനത്ത് സർക്കാർ സ്ഥാപനങ്ങളിൽ ബാറ്ററി സംഭരണത്തോടുകൂടിയ സൗരോർജ്ജ നിലയം സ്ഥാപിക്കുന്ന കേന്ദ്രാവിഷ്കൃതപദ്ധതി അനെർട്ട് മുഖേന നടപ്പിലാക്കി വരുന്നു. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ, മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30% ആണ് സബ്സിഡിയായി കേന്ദ്രം നൽകുന്നത്. സംസ്ഥാനത്ത് 60 സർക്കാർ സ്ഥാപനങ്ങളിൽ ഈ പദ്ധതി പ്രകാരം സൗരോർജ്ജനിലയം സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാക്കി. കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ PM-KUSUM സംസ്ഥാനത്ത് കാർബൺരഹിത കൃഷിയിടങ്ങൾ എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതി ചെലവിൽ 30% കേന്ദ്രസർക്കാരും, 30% സംസ്ഥാന സർക്കാരും വഹിക്കുന്നതാണ്. ശേഷിക്കുന്ന 40% ഗുണഭോക്തൃ വിഹിതമാണ്.

## സോളാർ വൈദ്യുതി

212(5371) ശ്രീ. യു. എ. ലത്തീഫ്:

ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതോത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സോളാർ വൈദ്യുതി കൂടുതലായി ഉത്പാദിപ്പിക്കാൻ നടപ്പാക്കുന്ന പദ്ധതിയുടെ വിശദവിവരം നൽകുമോ; ഇതിന്റെ നിർവ്വഹണ ഏജൻസി ഏതാണെന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് വൈദ്യുതോത്പാദനശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സോളാർ വൈദ്യുതി കൂടുതലായി ഉത്പാദിപ്പിക്കാൻ നടപ്പാക്കുന്ന പദ്ധതിയാണ് 'സൗര'. സൗര ഒന്നാംഘട്ട പദ്ധതിയിൽ ടാറ്റാ പവർ സോളാർ സിസ്റ്റം ലിമിറ്റഡ് (മുംബൈ), വാരീ എനർജ്ജീസ് (മുംബൈ), ഇൻകൽ ലിമിറ്റഡ് (കൊച്ചി) എന്നിവരാണ് നിർവ്വഹണ ഏജൻസികൾ (ആകെ 46.5 മെഗാവാട്ട്). സൗര ഒന്നാംഘട്ട സബ്സിഡി പദ്ധതി, 2019-20 വർഷത്തിൽ താഴെപ്പറയുന്ന കോൺട്രാക്ടർമാരെയാണ് എംപാനൽ ചെയ്തിട്ടുള്ളത്.

1. റിഫ്ലക്സ് എനർജി ലിമിറ്റഡ്, ചെന്നൈ.

2. ഹൈവ് സോളാർ, തിരുവനന്തപുരം.

3. കോണ്ടാസ് ആട്ടോമേഷൻ, കോയമ്പത്തൂർ.

സബ്സിഡി 2020-21 വർഷത്തെ പദ്ധതിയിൽ താഴെപ്പറയുന്ന 7 ഡവലപ്പർമാരെ എംപാനൽ ചെയ്തിട്ടുണ്ട്.

1. ബി.എസ്.എസ്.സോളാർ, തിരുവനന്തപുരം.

2. ട്രയിഡിക് എനർജി, തിരുവല്ല.

3. ബിംഗാസ് സോളാർ, തൃശ്ശൂർ.

4. ടാറ്റാപവർ സോളാർ, മുംബൈ.

5. പവർ വൺ മൈക്രോ സിസ്റ്റംസ്, തിരുവനന്തപുരം.

6. ഇഷാൻ സോളാർ, ചെന്നൈ.

7. കോണ്ടാസ് ആട്ടോമേഷൻ, കോയമ്പത്തൂർ.

സംസ്ഥാനത്ത് വൈദ്യുതോത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സോളാർ വൈദ്യുതി കൂടുതലായി ഉത്പാദിപ്പിക്കാൻ അനെർട്ട് നിർവ്വഹണ ഏജൻസിയായി നടപ്പാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാനത്തെ വിവിധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദ്യുതി ആവശ്യത്തിനായി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനം ഡെപ്പോസിറ്റ് വർക്കായും, കൺസൾട്ടൻസി വ്യവസ്ഥയിലും അനെർട്ട് ചെയ്തുവരുന്നു. കൂടാതെ അനെർട്ടിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനവും നടത്തുന്നു.

2. കാർഷികാവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ PM-KUSUM, കാർബൺരഹിത കൃഷിയിടങ്ങൾ എന്ന ലക്ഷ്യത്തോടെ അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്നു.

3. റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ (RESCO) മോഡൽ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

4. ഇലക്ട്രിക് കാറുകൾ ചാർജ്ജ് ചെയ്യുന്നതിനുള്ള ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനനുയോജ്യമായ സ്റ്റേഷനുകളിൽ ഇതിനായി അനെർട്ട് മുഖേന ധനസഹായം നൽകുന്നതിനുള്ള പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നതാണ്.

(ബി) ഈ പദ്ധതി പ്രകാരം വീടുകൾ, ഫ്ലാറ്റുകൾ, വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ എന്നിവയിൽ ഏതെങ്കിലും വിഭാഗത്തിന് സോളാർ വൈദ്യുതോത്പാദന ഉപകരണങ്ങൾ സ്ഥാപിക്കണമെന്ന് നിർബന്ധം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഒരു വിഭാഗത്തിനും സോളാർ വൈദ്യുതോത്പാദന ഉപകരണങ്ങൾ സ്ഥാപിക്കണമെന്ന് നിർബന്ധം ഏർപ്പെടുത്തിയിട്ടില്ല.

(സി) ഇല്ലെങ്കിൽ സോളാർ വൈദ്യുതിയുത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അമ്പതു ലക്ഷം രൂപയിലധികം ചെലവു ചെയ്തു നിർമ്മിക്കുന്ന വീടുകൾക്കും ഫ്ലാറ്റുകൾക്കും വ്യവസായ വാണിജ്യസ്ഥാപനങ്ങൾക്കും സോളാർ വൈദ്യുതോത്പാദന ഉപകരണങ്ങൾ നിർബന്ധമാക്കി ചട്ടങ്ങളിൽ മാറ്റം വരുത്തുമോയെന്ന് വിശദീകരിക്കാമോ?

ഒരു വിഭാഗത്തിനും സോളാർ വൈദ്യുതോത്പാദന ഉപകരണങ്ങൾ സ്ഥാപിക്കണമെന്ന് നിർബന്ധം ഏർപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly